## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3980 25.06.2018-ൽ മറുപടിയ്ക്ക്

## നായാടി,വേടൻ, ചക്ലിയൻ, കള്ളാടി വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ പിന്നോക്കാവസ്ഥ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതിയിലെ ദുർബലവിഭാഗ ങ്ങളായ നായാടി, വേടൻ, ചക്ലിയൻ, കള്ളാടി വിഭാഗങ്ങളിൽ പ്പെട്ടവരുടെ സാമൂഹ്യ പിന്നോ ക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവർക്കായി ആവിഷ്കരിച്ച പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; | (എ) | പട്ടികജാതിയിലെ ദുർബലവിഭാഗങ്ങളായ നായാടി, വേടൻ, ചക്ലിയൻ, കള്ളാടി വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ പിന്നോ ക്കാവസ്ഥ മാറ്റുന്നതിനാണ് ദുർബല വിഭാഗ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നത്. 'സാമൂഹിക പഠനമുറി', ട്യൂഷൻ പദ്ധതി, തൊഴിൽ പരിശീലനവും തൊഴിലും, കോളനികളിൽ അടിസ്ഥാന സൗകര്യ വികസനം, സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണം എന്നിവ ലക്ഷ്യമിട്ട് നടപ്പു സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 6000 പേർക്ക് തൊഴിൽ പരിശീലനവും, തൊഴിലും നൽകുന്നതിനുള്ള സ്പെഷ്യൽ പാക്കേജ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഭാഗങ്ങളിലുള്ള വിദ്യാർ ത്ഥികളുടെ പഠനനിലവാരം, സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് എന്നിവ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ പഠന നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച് വകുപ്പ് പ്രത്യേക പരിശോധന നടത്തിയിട്ടില്ല. പഠനസൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'പഠനമുറി' പദ്ധതി നടപ്പിലാക്കി വരുന്നു. കോളനികളിൽ 'സാമൂഹ്യ പഠനമുറി' നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |
| (സി) | ഈ വിഭാഗങ്ങളിൽപ്പെടുന്നവരിൽ ഭൂവുടമകൾ ഉള്ളതോ കുറവാണെ ന്നതിനാൽ അവർക്ക് ഭൂമി നൽകുന്നതിനും വാസയോഗ്യമായ ഭവനം നൽകുന്നതിനും വകുപ്പ് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; | (സി) | ഈ വർഷം ഈ വിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കണക്കിലെടുത്ത് 50 കോടി രൂപ ഭൂമിയ്ക്കും ഭവനത്തിനും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി നീക്കിവെച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് അനുവദിക്കുന്ന തരത്തിൽ ഭൂമി, ഭവനം എന്നീ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | പട്ടികജാതിയിലെ ഇത്തരം ദുർബ്ബല വിഭാഗങ്ങൾക്ക്, പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | പ്രസ്തുത കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ